## തിരുവനന്തപുരം ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

**പുറപ്പെടുവിക്കുന്നത് : സൂസൻ ഗോപി.**

വിഷയം: വനം വകുപ്പ് - ജീവനക്കാര്യം - അറ്റൻഡർ ഗ്രേഡ് -II തസ്തികയിലേക്ക് തസ്തികമാറ്റം വഴി ഓഫീസ് അറ്റൻഡന്റുമാരെ നിയമിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്.

സൂചന:
1. ഈ ഓഫീസിലെ 13.06.2019-ലെ ഇ2-16/2013-ാം നമ്പർ കത്ത്.
2. 18.06.2019-ലെ തെന്മല ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ഇ1-41/2015 നമ്പർ കത്തിനോടൊപ്പമുള്ള ശ്രീമതി.സി.ദീപറാണിയുടെ അപേക്ഷ.
3. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഫയൽ ചെയ്ത ഒ.എ.683/19-ലെ 05.04.2019 തീയതിയിലെ ഉത്തരവ്.

**ഉത്തരവ് നമ്പർ ഇ2-16/13 തീയതി 03.07.2019**

അരിപ്പ ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ അറ്റൻഡർ ഗ്രേഡ്-II തസ്തികയിൽ ഉണ്ടാകുന്ന ഒഴിവിലേക്ക് തസ്തികമാറ്റം വഴി നിയമനം ലഭിക്കുവാൻ താൽപര്യവും യോഗ്യതയുമുള്ള ഓഫീസ് അറ്റൻഡന്റുമാരിൽ നിന്നും സൂചന (3) ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൂചന (1) പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു.

മേൽ പറഞ്ഞ ഒഴിവുകളിലേയ്ക്ക് ലഭ്യമായ അപേക്ഷകൾ പരിശോധിച്ചതിൽ അറ്റൻഡർ ഗ്രേഡ്-II തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനം ലഭിക്കുന്നതിന് ചട്ടപ്രകാരം നിശ്ചയിച്ചിട്ടുള്ള യോഗ്യതയുടെയും സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ തെന്മല ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി.സി.ദീപറാണി അർഹയാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീമതി.സി.ദീപറാണി, ഓഫീസ് അറ്റൻഡന്റിന് 17000-37500 രൂപ ശമ്പളസ്കെയിലിൽ അറ്റൻഡറായി തസ്തികമാറ്റം അനുവദിച്ചുകൊണ്ടും ടിയാൾക്ക് അരിപ്പ ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫീസിൽ ശ്രീമതി.ശ്രീജ.പി.റ്റി-യ്ക്ക് പകരമായി നിയമനം നൽകിക്കൊണ്ടും ഉത്തരവാകുന്നു. ടിയാൾ ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം അറ്റൻഡർ തസ്തികയിൽ ജോലിക്കായി ഹാജരാകേണ്ടതാണ്.

മേൽപറഞ്ഞ ഓഫീസ് അറ്റൻഡന്റിന് മേൽ വിവരിച്ച ശമ്പളസ്കെയിലിൽ സമയബന്ധിത ഹയർ ഗ്രേഡ്/റേഷ്യോ പ്രൊമോഷൻ ലഭിച്ചിട്ടുണ്ടെങ്കിൽ തസ്തികമാറ്റം വഴിയുള്ള ശമ്പളനിർണ്ണയത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

നിലിവിൽ അരിപ്പ ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫീസിൽ അറ്റൻഡർ തസ്തികയിൽ ജോലിനോക്കിവരുന്ന ശ്രീമതി.ശ്രീജ.പി.റ്റി-യെ കൊല്ലം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) ഓഫീസിൽ നിലവിലുളള ഒഴിവിലേക്ക് സ്ഥലംമാറ്റികൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ശ്രീമതി.സി.ദീപറാണി, ഓഫീസ് അറ്റൻഡന്റിന് മേലധികാരി മുഖേന നൽകുന്നു.

പകർപ്പ്:

1. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്.
2. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം.ഐ.എസ്) - വനം വകുപ്പ് വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിലേയ്ക്ക്.
3. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ തിരുവനന്തപുരം
4. ഡയറക്ടർ, സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, അരിപ്പ. (ശ്രീമതി.ദീപറാണി ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് ശ്രീമതി.ശ്രീജ.പി.റ്റി-യെ വിടുതൽ ചെയ്യേണ്ടതാകുന്നു. അരിപ്പയിലെ അറ്റൻഡറുടെ ആവശ്യകത പരിഗണിക്കേണ്ടതാകുന്നു.)
5. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തെന്മല. ടി ഓഫീസ് അറ്റൻഡന്റ് ഒഴിവ് കൊല്ലം ജില്ലാ പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കേണ്ടതാണ്.